# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1740/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1740/2022 തീയ്യതി: 16/03/2023

## കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-02-2022 മുതൽ 06-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 17-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2022 | 17-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമതി. ടി. ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രമ്യ. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ. എ. വി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സജിത. പി. പി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റീന. ടി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. വാണി. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സിനൂപ്. സി. പി. | വി.ഇ.ഒ. മാവിലായി | 01-04-2021 | 31-03-2022 |
| ശ്രീ. വിപിൻ ചന്ദ്ര. വി. ബി. | വി.ഇ.ഒ. മക്രേരി | 01-04-2021 | 16-04-2021 |
| ശ്രീ. സിനൂപ്. സി. പി. | വി.ഇ.ഒ. മക്രേരി | 17-04-2021 | 31-03-2022 |
| ഡോ. ഹീര. ആർ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 12-04-2021 |
| ഡോ. തുഷാര. പി. സി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 13-04-2021 | 23-04-2021 |
| ഡോ. ഹീര. ആർ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 24-04-2021 | 31-03-2022 |
| ശ്രീമതി. നിഷ. പി. | ICDS സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| ശ്രീമതി. സുനിത. പി. | ICDS സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ശ്രീ. ജയൻ. എം. വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്വേത ശ്രീ മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| ശ്രീ. കൃഷ്ണപ്രസാദ് ടി. | കൃഷി ഓഫീസർ | 13-10-2021 | 30-12-2021 |
| ശ്രീമതി സി.പി. സക്കീന | കൃഷി ഓഫീസർ | 31-12-2021 | 31-03-2022 |
| ഡോ.ശ്വേത ബി. റാം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-05-2021 |
| ഡോ.ലക്ഷ്മി ദിലീപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-06-2021 | 31-08-2021 |
| ഡോ.അമീന എസ്.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-09-2021 | 30-09-2021 |
| ഡോ.കാമ്യ മോഹൻ | മെഡിക്കൽ ഓഫീസർ, | 01-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | പി.എച്ച്.സി. | | |
| ഡോ.രാംമോഹൻ ഷെട്ടി | വെറ്റിനറി സർജൻ | 01-04-2021 | 15-08-2021 |
| ഡോ. ഷൈനി കെ. | വെറ്റിനറി സർജൻ | 16-08-2021 | 25-11-2021 |
| ഡോ. ശ്രീധർ രാജൻ | വെറ്റിനറി സർജൻ | 26-11-2021 | 31-03-2022 |
| ശ്രീ.ടി.ആർ. രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം. | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമസഭ | 1-10 |
| 13 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-11 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 15 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല | 1-13 |
| 16 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത്-സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-14 |
| 17 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- ₹199135 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 18 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം-ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതും മറ്റ് അപാകങ്ങളും-₹1244428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 19 | പി.ബി.ഐ.ജി ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണ പ്രവൃത്തികൾ) - അപാകത - ₹246744-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 20 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല | 1-18 |
| 21 | ആശ്രയ വീട് വാസയോഗ്യമാക്കൽ -രേഖകൾ ഹാജരാക്കിയിട്ടില്ല-₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് -പ്രൊജക്റ്റിന്റെ ലക്ഷ്യം പൂർത്തിയായിട്ടില്ല | 1-20 |

| | | |
|---|---|---|
| 23 | ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല. | 1-21 |
| 24 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - വിതരണ രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും - ₹1153009 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 25 | സമ്പൂർണ ശുചിത്വം – പ്ലാസ്റ്റിക്ക് ശേഖരണ വളണ്ടിയർമാർക്ക് ഓണറേറിയവും അനുബന്ധ ചെലവുകളും - അപാകത | 1-23 |
| 26 | ആശ്രയ വീട് വാസയോഗ്യമാക്കൽ -അപാകങ്ങൾ - ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | എസ് എസ് എ വിഹിതം നൽകൽ-പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്. | 1-25 |
| 28 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 29 | മഴക്കാല പൂർവ്വ ശുചീകരണം-അഡ്വാൻസ് നൽകിയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി.-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-28 |
| 31 | സായംപ്രഭാ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യപ്പെടേണ്ടതാണ്. | 1-29 |
| 32 | തെരുവ് വിളക്ക് -ലൈൻ വലിക്കൽ-പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 33 | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ-പ്രവൃത്തി പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്. | 1-31 |
| 34 | സാന്ത്വന പരിചരണം - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല | 1-32 |
| 35 | തെരുവ് വിളക്ക് -ലൈൻ വലിക്കൽ-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-33 |
| 36 | തുല്യതാപഠനം ഫീസ് ഒടുക്കൽ-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 37 | ഫിഷറീസ് സബ് ഇൻസ്പെക്ടർ - ക്യാഷ് ബുക്ക്, സബ്സിഡറി ക്യാഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. | 1-35 |
| 38 | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (തിലാപ്പിയ)-മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം ചെലവ് തുക 250845 രൂപ തടസപ്പെടുത്തുന്നു. | 1-36 |
| 39 | സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ മത്സ്യകൃഷി-പടുതകുളം-മുഴുവൻ ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം ചെലവ് ചെയ്ത 472136 രൂപ തടസപ്പെടുത്തുന്നു. | 1-37 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22ലെ ബജറ്റ് 17-2-2021 ലെ 39/2021-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6433894 |
| വരവ് | 180461150 |
| ആകെ | 186895044 |
| ചെലവ് | 179886030 |
| നീക്കിയിരിപ്പ് | 7009014 |

## 1-1-1 പുതുക്കിയ ബജറ്റ്

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 22-3-2022 ലെ 66/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14794631 |
| വരവ് | 175240355 |
| ആകെ | 190034986 |
| ചെലവ് | 177303504 |
| നീക്കിയിരിപ്പ് | 12731482 |

## 1-2 വാർഷിക ധനകാര്യ പത്രിക

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 30.07.2022 ലെ 159/2022 -ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 30.07.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1.സംയുക്ത പ്രോജക്ടിൽ B4-ൽ ₹2280358 (2278958+1400) നീക്കിയിരിപ്പുണ്ട് . RP-40(b), B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹1000000 ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

2.പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിൽ വാർഷിക ധനകാര്യ പത്രിക B-2ഷെഡ്യൂൾ പ്രകാരം ബാക്കിയുള്ള തുക ₹75290 യാണ്. എന്നാൽ B-17 ഷെഡ്യൂളിൽ കാനറ ബാങ്കിൽ ₹850693 നീക്കിയിരിപ്പുണ്ട്. പൊരുത്തപ്പെടുത്താതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

4.B-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന 2022 മാർച്ച് മാസം കൊടുത്ത് തീർക്കാനുള്ള ബാധ്യതകൾ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-9 ഷെഡ്യൂൾ പ്രകാരം | വൗച്ചർ പ്രകാരം |
|---|---|---|
| കെ പി ഇ പി എഫ് | 104290 | 101290 |
| എസ് എൽ ഐ | 15150 | 14625 |
| ജി ഐ എസ് | 12850 | 12400 |
| എൽ ഐ സി | 18476 | 16415 |

5.B-18 Schedule പ്രകാരമുള്ള ഹെഡ് കോഡ് 460500201, 460500202, എന്നിവയുടെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

6.B-11 ലെ Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation,book Value Of Asset, Life Time Of Asset Etc ) ലഭ്യമാക്കണ്ടതാണ്.
7.B-11 ഷെഡ്യൂളിലെ സ്ഥിരാസ്തിയിൽ വാഹനത്തിന്റെ മൂല്യം ഉൾപ്പെട്ടിട്ടില്ല.
8.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ സ്ഥിലത്തിന്റേയും ആസ്തിമൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.
9.2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
10.വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച രജിസ്റ്റർ പ്രകാരം ₹123075 ഈ ഇനത്തിൽ ഇളവ് നൽകിയിട്ടുണ്ട്. ഇപ്രകാരം ഇളവ് നൽകിയ വിവരം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്. വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിലെ ഡി സി ബി സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11.ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് വാർഷിക ധനകാര്യപത്രികയിലെ I-6 ഷെഡ്യൂളുമായും (2853643) സുലേഖ സ്റ്റേറ്റുമെന്റുമായും (5403641) പൊരുത്തപ്പെടുന്നില്ല.
12.മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ വാർഷിക ധനകാര്യപത്രികയുമായും (I-6 ₹8244953) സുലേഖ സ്റ്റേറ്റുമെന്റുമായും (₹8244953) എ സി ആറുമായും (₹8353235) പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 19429814 |
| വരവ് | 75308338 |
| ആകെ | 94738152 |
| ചെലവ് | 67143184 |
| നീക്കിയിരിപ്പ് | 27594968 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 3517162 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 16229866 | 16229866 | 16229866 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 1417910 | 1417910 | 1315066 | 102844 |
| മെയിന്റനൻസ് റോഡ് | 0 | 11510198 | 11510198 | 8244953 | 3265245 |
| മെയിന്റനൻസ് നോൺറോഡ് | 0 | 6087496 | 6087496 | 1841648 | 4245848 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | 0 | 3173535 | 3173535 | 2377110 | 796425 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 4672000 | 4672000 | 2370273 | 2301727 |

| | | | | | |
|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | 1000 | 25486680 | 25487680 | 25486369 | 1311 |
| ശുചിത്വം | 909343 | 0 | 909343 | 389809 | 519534 |
| ഐസിഡിഎസ് | 942382 | 1281154 | 2223536 | 716960 | 1506576 |
| നിർമ്മൽ പുരസ്കാർ | 96,657 | 0 | 96,657 | 0 | 96,657 |
| റർബൻ | 37578 | 4422 | 42000 | 0 | 42000 |
| എം പി ഫണ്ട് | 15 | 0 | 15 | 0 | 15 |
| ലൈഫ് മിഷൻ | 200000 | 0 | 200000 | 0 | 2,00,000 |
| ഷെൽട്ടർ ഹോംസ് | 56000 | 0 | 56000 | 0 | 56,000 |
| ശുചിത്വം | 362956 | 205974 | 568930 | 0 | 568930 |
| കേരളോത്സവം | 5000 | 0 | 5000 | 0 | 5,000 |
| സ്റ്റേറ്റ് സ്പോൺസേഡ് | 20,288 | 0 | 20,288 | 0 | 20,288 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 181 | 99507324 | 132 | 48156317 | 50 | 49 | 45.3 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 34 | 22 | 10084954 | 7187663 | 71.27 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 781510 | 714267 | 91.4 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 42 | 27024384 | 14509565 | 53.69 |
| 4 | കൃഷി ഓഫീസർ | 13 | 9 | 9296181 | 5636181 | 60.63 |
| 5 | വി.ഇ.ഒ. മാവിലായി | 20 | 15 | 12088272 | 6378179 | 52.76 |
| 6 | വി.ഇ.ഒ. മക്രേരി | 15 | 13 | 28203539 | 4325519 | 15.34 |
| 7 | മെഡിക്കൽ ഓഫീസർ PHC | 6 | 5 | 1248173 | 1011329 | 81.02 |
| 8 | മെഡിക്കൽ ഓഫീസർ GAD | 3 | 2 | 970000 | 900000 | 92.78 |
| 9 | വെറ്റിനറി സർജൻ | 8 | 5 | 1800000 | 622000 | 34.56 |
| 10 | ICDS സൂപ്പർവൈസർ | 10 | 7 | 6019311 | 5404971 | 89.79 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1100000 | 743662 | 67.61 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2 | 891000 | 722981 | 81.14 |
| | ആകെ | 181 | 132 | 99507324 | 48156317 | 48.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവ് | 1000 | 956310 | 957310 | 955999 | 1311 |
| തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 24530370 | 24530370 | 24530370 | 0 |
| ആകെ | 1000 | 25486680 | 25487680 | 25486369 | 1311 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 437 | 6249800 |
| വിധവാ പെൻഷൻ | 1098 | 16459800 |
| വാർദ്ധക്യകാല പെൻഷൻ | 2845 | 37283600 |
| വികലാംഗ പെൻഷൻ | 325 | 4827200 |
| അവിവാഹിത പെൻഷൻ | 322 | 4849800 |
| വിവാഹ ധനസഹായം | 8 | 240000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-12-2022 ന് 2.30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,959 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തൻവർഷം 100% നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലും തൻവർഷം 1/2021 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31-10-2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുക്കുന്നതിനായി പുതിയതായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ഇല്ലാതെ/ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് 13/14.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ചില അപേക്ഷകളിൽ മൂലധനനിക്ഷേപം ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്താൻ വിട്ട് പോയതാണെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡ് തല അന്വേഷണ റിപ്പോർട്ടും അത് പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി ആയിരത്തി എണ്ണൂറിലധികം കെട്ടിടങ്ങളുണ്ട്. ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 565 സ്ഥാപനങ്ങൾക്കാണ് (656 കെട്ടിടങ്ങൾ) തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.08.21 (തീരുമാനം നം 41/ 21), 03.01.22 തീയതികളിലെ (തീരുമാനം നമ്പർ 04/22) യോഗങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങൾ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ലെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 15/14-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഫീൽഡ് തലത്തിൽ പരിശോധന നടത്തി ഉറപ്പു വരുത്തുന്നതാണ് എന്ന് മറുപടിയാണ് നൽകിയത്. സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE & OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 20/16-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 1-4-2016 മുതൽ 1-7-2018 വരെയുള്ള ടെണ്ടർ ഫീയായ ₹1,21,170 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും 2018-19 മുതൽ 2021-22 വരെയുള്ള ഇ-ടെണ്ടർ ഫീ ₹221756 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2018-19 | 64926 |
| 2 | 2019-20 | 31395 |
| 3 | 2020-21 | 57114 |
| 4 | 2021-22 | 68321 |
| | ആകെ | 221756 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത്-സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം

അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | റീന. എ. ടി, അസിസ്റ്റന്റ് സെക്രട്ടറി | 22100156/02.06.2021 | 62715 |
| 2 | മനോജ് കുമാർ. വി, അക്കൗണ്ടന്റ് | 22100156/02.06.2021 | 58386 |
| 3 | ഷഹനാദ്. വി. പി, ഹെഡ് ക്ലാർക്ക് | 22100156/02.06.2021 | 57054 |
| 4 | ഷീന. കെ, സീനിയർ ക്ലാർക്ക് | 22100156/02.06.2021 | 49395 |
| 5 | ശ്രീജിത്ത്, സീനിയർ ക്ലാർക്ക് | 22100156/02.06.2021 | 49395 |
| 6 | ഫാത്തിമത്തുൽ സുഹറ. പി. വി, സീനിയർ ക്ലാർക്ക് | 22100156/02.06.2021 | 45843 |
| 7 | ചന്ദന. ഇ. വി, സീനിയർ ക്ലാർക്ക് | 22100156/02.06.2021 | 45843 |
| 8 | ഷാജൻ. ടി. ക്ലാർക്ക് | 22100156/02.06.2021 | 40515 |
| 9 | അജിത. വി, ക്ലാർക്ക് | 22100156/02.06.2021 | 37518 |
| 10 | സോന. എം. കെ, ക്ലാർക്ക് | 22100156/02.06.2021 | 31053 |
| 11 | ഷീജ പുതുശ്ശേരി, ക്ലാർക്ക് | 22100156/02.06.2021 | 33633 |

ഇത് സംബന്ധിച്ച് 7/13.12.2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സറണ്ടർ ദീർഘിപ്പിച്ച ഉത്തരവ് 26-07-2021 ന് മാത്രമാണ് സർക്കാർ പുറപ്പെടുവിച്ചതെന്നും പ്രസ്തുത ഉത്തരവിൽ അനുവദിക്കപ്പെട്ട സറണ്ടർ തുക തിരികെ അടവാക്കാണമെന്നുള്ള പരാമർശം ഇല്ലെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- ₹199135 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ/ പേര് | 71/22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയ്റ്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ചെലവ് | ₹300000 ബിൽ നമ്പർ : 21190152014400986832/20-01-2022 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രൊജക്ട് പ്രകാരം പ്രഫോർമ ഇൻവോയിസ് പി.എഫ് 1339/11-01-2022 പ്രകാരം ഹോകോം, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹300000 മരുന്ന് വാങ്ങുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.എൽ.എഫ്. 2841/14-10-2021 പ്രകാരം ₹100865 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ₹199135 യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് 1/12-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ മുഴുവനായും ലഭിക്കുന്ന മുറക്ക് ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം-ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതും മറ്റ് അപാകങ്ങളും-₹1244428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, മാവിലായി |
| പ്രൊജക്ട് നമ്പർ/പേര് | 161/22 ഗാർഹിക റിംഗ് കമ്പോസ്റ്റ് |

| | |
|---|---|
| അടങ്കൽ | ₹1336000 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹14018 തനത് ഫണ്ട്<br>₹150002 മറ്റുള്ളവ<br>------------<br>ആകെ ₹1500020 |
| ചെലവ് | ₹418999 ബിൽ നമ്പർ : 168/28-01-2022<br>₹418999 ബിൽ നമ്പർ : 247/8-03-2022<br>₹406430 ബിൽ നമ്പർ :262/15-03-2022<br>ആകെ : ₹1244428 |

വീടുകളിലുണ്ടാകുന്ന ജൈവ മാലിന്യം സംസ്കരിക്കൽ, കമ്പോസ്റ്റ് നിർമ്മാണം, ജനങ്ങളിൽ ശുചിത്വ സംസ്കാരം വളർത്തൽ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് മേൽ പ്രൊജക്ട്. ഇതിനായി സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ 510101001819762 അക്കൗണ്ട് നമ്പറിലേക്കാണ് തുക നൽകിയത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 0016/15-01-2022,0020/04-02-2022,0031/10-03-2022എന്നീ ഇൻവോയ്സ് നമ്പർ പ്രകാരം 594 എണ്ണം റിംഗ് കമ്പോസ്റ്റുകൾ വാങ്ങിയതിന്റെ രേഖയാണ് ഫയലിലുള്ളത്. ഇതിനായി ₹1244428 ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018 /തസ്വഭവ തി:14.2.18 പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്തൃ വിഹിതം ആണ് ചെലവഴിക്കേണ്ടിയിരുന്നത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1244428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പി.ബി.ഐ.ജി ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണ പ്രവൃത്തികൾ) - അപാകത - ₹246744-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ മാവിലായി |
| പ്രൊജക്ട് നമ്പർ/പേര് | 146/22<br>പി.ബി.ഐ.ജി ഗ്രാന്റിന്റെ വിനിയോഗം<br>(നിർമ്മാണ പ്രവൃത്തികൾ) |
| അടങ്കൽ | ₹374244 മറ്റുള്ളവ |
| ചെലവ് | ₹246744 വൗച്ചർ നമ്പർ/തീയതി : 22100618/21-03-2022 |

ഗ്രാമ പഞ്ചായത്തിലെ 4 വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിച്ച് ഒന്നിന് ₹61686 നിരക്കിൽ ശ്രീ സി. ഉമേഷ് എന്നയാൾക്ക് തുക നൽകുന്നതിനാണ് ₹246744 ചെലവഴിച്ചത്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. മേൽ പ്രവൃത്തിക്കായി താഴെ പറയുന്ന ഏജൻസികൾ/കരാറുകാർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | ഏജൻസിയുടെ/കരാറുകാരന്റെ പേര് | ടെണ്ടർ ചെയ്ത നിരക്ക് (ഒരെണ്ണം) |
|---|---|---|
| 1 | സാം എന്റർപ്രൈസസ്, എടയന്നൂർ | 67490 |
| 2 | ലതേഷ്. എ. പി. ജെ, കുറ്റിയാട്ടൂർ | 64860 |
| 3 | ആർ.ബി.എം അസോസിയേറ്റ്സ്, ചാലോട് | 58790 |
| 4 | ഫിഡ്കോ എന്റർപ്രൈസസ് | 32222 |
| 5 | ഉമേഷ്. സി, പി.ഡബ്യ.ഡി കോൺട്രാക്ടർ | 61686 |

ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ബി.എം അസോസിയേറ്റ്സ്, ചാലോട്, ഫിഡ്കോ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ ഉണ്ടായിരിക്കെ ഉമേഷ്. സി.-യുടെ ടെണ്ടർ അംഗീകരിച്ചതിന് വ്യക്തത വരുത്തേണ്ടതാണ്. ഷെഡ്യൂൾ പ്രകാരമുള്ള ടെൻഡർ അല്ല സമർപ്പിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാന്റെ

ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം ഫയലിൽ ലഭ്യമല്ല.

2. സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിനി എം.സി.എഫ് വാർഡുകളിൽ സ്ഥാപിച്ചതിന്റെ രേഖ, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

3. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകങ്ങൾ സംബന്ധിച്ച് 16/14-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹246744 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ PHC |
| പ്രോജക്ട് നമ്പർ/ പേര് | 81/22 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹75000 മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹24691<br>ബിൽ നമ്പർ/തീയതി:2119015201840028084/29-7-2021<br>₹40409<br>ബിൽനമ്പർ/തീയതി:21190152018401388361/20-3-2022<br>₹8458<br>ബിൽനമ്പർ/തീയതി:21190152018401456602/25-3-2022<br>ആകെ : ₹73558 |

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. ഇതിൽ സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിന് നൽകിയ ₹24691-യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു.പി.ആർ.എഫ് 5885/19-02-2022 പ്രകാരം ₹40409 യും പി.ആർ.എഫ് 6318/28-02-2022 പ്രകാരം ₹8458 യും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ ഒറിജിനൽ ക്യാഷ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/17.12.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതും തുടർനടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-19 ആശ്രയ വീട് വാസയോഗ്യമാക്കൽ -രേഖകൾ ഹാജരാക്കിയിട്ടില്ല-₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ മക്രേരി |
| പ്രോജക്ട് നമ്പർ /പേര് | 136/22 ആശ്രയ വീട് വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹75000 തനത്ഫണ്ട് |
| ചെലവ് | ₹75000 വൗച്ചർ നമ്പർ : 22100024/20-09-2021 |

ആശ്രയ വീട് വാസയോഗ്യമാക്കൽ എന്ന പ്രൊജക്ട് നടത്തിപ്പിനായി കുടുബശ്രീ സി. ഡി. എസിന്റെ അക്കൗണ്ടിലേക്കാണ് മേൽതുക കൈമാറിയത് (അക്കൗണ്ട് നമ്പർ 4752101002123). തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. സി.ഡി.എസിന്റെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ

2. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി യുടെ പാസ്ബുക്കിന്റെ പകർപ്പ് (2021-22)

രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് 2/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് -പ്രൊജക്ടിന്റെ ലക്ഷ്യം പൂർത്തിയായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ മാവിലായി സർക്കിൾ |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 214/2022 ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് |
| അടങ്കൽ | ₹154900 വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹142900 ബിൽ നമ്പർ / തീയ്യതി : 06/21-22/22-03-2022 |

ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി സ.ഉ(സാധാ).നം.493/2022 ത.സ്വ.ഭ.വ 02-03-2022 ലെ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 3301002100016241 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയത്. എന്നാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിന് 12/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടന്നു വരുന്നുണ്ടെന്നും സ്പിൽ ഓവറായി പദ്ധതി തുടരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-21 ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. . തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ ₹2,50,000 യോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഉദാഹരണം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എംബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് |
|---|---|---|---|---|
| 1 | മാവിലാക്കാവ് ഇടക്കര റോഡ് കോൺക്രീറ്റ് | 109/20-21 | 296508 | 250769 |
| 2 | നിടുമ്പ്രം പൊയിൽ കുന്നുമ്പ്രം റോഡ് നിർമ്മാണം ഘട്ടം-2 | 80/21-22 | 483943 | 382690 |
| 3 | നിടുമ്പ്രം പൊയിൽ കുന്നുമ്പ്രം റോഡ് നിർമ്മാണം ഘട്ടം-1 | 31/19-20 | 427053 | 377897 |
| 4 | റോഡ് കോൺക്രീറ്റ്-മേലേക്കൽ കാവിൻമൂല റോഡ് | 225/2021 | 416069 | 311396 |
| 5 | കുനിവട്ടം ബാലൻമാസ്റ്റർ റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് | 114/20-21 | 401931 | 369107 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/17.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 250000/- രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികളിൽ നിന്നും

അന്തിമ ബിൽ പ്രകാരംമുള്ള ജി.എസ്.ടി., ടി.ഡി.എസ്. ഈടാക്കേണ്ടതാണ്.

## 1-22 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - വിതരണ രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും - ₹1153009 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, മാവിലായി |
| പ്രൊജക്ട് നമ്പർ/പേര് | 144/22 ഗാർഹിക റിംഗ് കമ്പോസ്റ്റ്(സ്പിൽ ഓവർ) |
| അടങ്കൽ | ₹1131833 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹61 തനത് ഫണ്ട്<br>₹158814 മറ്റുള്ളവ<br>ആകെ : ₹1290708 |
| ചെലവ് | ₹929475 ബിൽ നമ്പർ : 01/21-22/30-10-2021<br>₹78489 ബിൽ നമ്പർ : 03/21-22/28-02-2022<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹51638 ചെക്ക് നമ്പർ/തീയതി : 655165/2-06-2021<br>₹93407 ചെക്ക് നമ്പർ/തീയതി : 5838195/12-07-2021<br>(മറ്റുള്ളവ)<br>ആകെ : ₹1153009 |

വീടുകളിലുണ്ടാകുന്ന ജൈവ മാലിന്യം സംസ്കരിക്കൽ, കമ്പോസ്റ്റ് നിർമ്മാണം, ജനങ്ങളിൽ ശുചിത്വ സംസ്കാരം വളർത്തൽ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് മേൽ പ്രൊജക്ട്. ഇതിനായി സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ 510101001819762 അക്കൗണ്ട് നമ്പറിലേക്കാണ് തുക നൽകിയത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 002/18-06-2021,003/21-06-2021,0023/15-02-2022 എന്നീ ഇൻവോയ്സ് നമ്പർ പ്രകാരം 488 റിംഗ് കമ്പോസ്റ്റുകൾ ₹1119960 ചെലവഴിച്ച് വാങ്ങിയതിന്റെ രേഖയാണ് ഫയലിലുള്ളത്. ₹ 33049 അധികം നൽകിയതിന് വ്യക്തത വരുത്തേണ്ടതാണ്..

2.ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിന് 10/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1153009 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 സമ്പൂർണ ശുചിത്വം – പ്ലാസ്റ്റിക്ക് ശേഖരണ വളണ്ടിയർമാർക്ക് ഓണറേറിയവും അനുബന്ധ ചെലവുകളും - അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ മാവിലായി |
| പ്രൊജക്ട് നമ്പർ/പേര് | 86/22<br>സമ്പൂർണ ശുചിത്വം –പ്ലാസ്റ്റിക്ക് ശേഖരണ<br>വളണ്ടിയർമാർക്ക് ഓണറേറിയവും<br>അനുബന്ധ ചെലവുകളും |
| അടങ്കൽ | ₹678400 തനത് ഫണ്ട് |
| ചെലവ്<br>ആകെ | ₹44000<br>വൗച്ചർ നമ്പർ/തീയതി : 511440090121005/16-08-2021<br>₹148950 വൗച്ചർ നമ്പർ/തീയതി :22100371/18-08-2021<br>₹62673 വൗച്ചർ നമ്പർ/തീയതി :22100676/25-03-2022<br>ആകെ : ₹255623 |

പ്ലാസ്റ്റിക്ക് ശേഖരണ വളണ്ടിയർമാർക്ക് ഓണറേറിയവും അനുബന്ധ ചെലവുകളും എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി ഹരിത കർമ്മസേനയുടെ കൺസോർഷ്യം അക്കൗണ്ടിലേക്കാണ്(നം. 4752101006657) മേൽ തുക നൽകിയത്. പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ,പാഴ് വസ്തുക്കൾ വിറ്റുകിട്ടുന്ന തുക , മറ്റിനങ്ങളുമായി ചേർത്ത് ഹരിത

കർമസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കേണ്ടത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ ഹരിതകർമ്മസേനയുടെ വരവ് ചെലവ് കണക്കിന്റെ വിശദ വിവരം, ബേങ്ക് പാസ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല

2. ഹരിതകർമ്മസേനയുടെ പ്രതിമാസപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ പിരിക്കുന്നതിനായി ഉപയോഗിച്ച രശീതി പുസ്തകങ്ങളും അവയുടെ സ്റ്റോക്ക് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ല.

3. ഹരിത കർമസേനയ്ക്ക് നിശ്ചയിച്ച പ്രതിമാസ വേതനം സംബന്ധിച്ച വിവരങ്ങൾ, ഹരിത കർമ്മ സേനയുടെ കമ്മിറ്റി മിനിട്സ്, ഓരോ വാർഡിൽ നിന്നും പിരിച്ചെടുത്ത യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഹരിത കർമ്മ സേനാംഗങ്ങൾ കളക്ഷൻ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിരുന്നുവെങ്കിലും ഓരോ ദിവസവും പിരിച്ചെടുത്ത തുകയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിന് 24/16-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ആവശ്യമായ വിശദീകരണങ്ങൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കേണ്ടതും തുടർനടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-24 ആശ്രയ വീട് വാസയോഗ്യമാക്കൽ -അപാകങ്ങൾ - ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ.ഒ, മക്രേരി |
| പ്രോജക്റ്റ് നമ്പർ /പേര് | 140/22 ആശ്രയ വീട് വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹50000 തനത്ഫണ്ട്<br>₹25000 വികസന ഫണ്ട് – ജനറൽ<br>ആകെ : ₹75000 |
| ചെലവ് | ₹50000 വൌച്ചർ നമ്പർ : 22100202/18-06-2021<br>₹25000 ബിൽ നമ്പർ : 02/21-22/22-06-2021<br>ആകെ : ₹75000 |

ആശ്രയ വീട് വാസയോഗ്യമാക്കൽ എന്ന പ്രൊജക്റ്റ് നടത്തിപ്പിനായി അഗതി രഹിത കേരളം (കുടുബശ്രീ സി.ഡി.എസിന്റെ ) അക്കൗണ്ടിലേക്കാണ് മേൽ തുക കൈമാറിയത് (നം.4752101005250). തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. സി.ഡി.എസിന്റെ അക്കൌണ്ടിൽ നിന്നും തുക പിൻവലിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ

2. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ പാസ്ബുക്കിന്റെ പകർപ്പ് (2021-22)

രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് 3/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 എസ് എസ് എ വിഹിതം നൽകൽ-പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പ്രൊജക്റ്റ് നടപ്പിലാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
